പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2832 **28-10-2026-ൽ മറുപടിയ്ക്ക്**

സുരക്ഷിത ഭവനങ്ങളുടെ നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ജോയി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) കടൽ ക്ഷോഭവും കടലാക്രമണവും നിമിത്തം അപകടാവസ്ഥയിലുള്ള ഭവനങ്ങളുള്ള തീരദേശവാസികൾക്ക് സുരക്ഷിത ഭവനങ്ങൾ നിർമ്മിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

മറുപടി: തീരദേശത്ത് 50 മീറ്റർ പരിധിയിൽ താമസിക്കുന്ന തീരദേശവാസികളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി ഫിഷറീസ് വകുപ്പ് മുഖേന സർക്കാർ നടപ്പിലാക്കി വരുന്നു.

ഈ സാമ്പത്തിക വർഷം പുനർഗേഹം പദ്ധതിക്ക് 40.2 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ആയതിൽ നിന്നും വ്യക്തിഗത ഭവന നിർമ്മാണത്തിനായി 7,51,64,044/- രൂപയും, ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 4,27,73,051/- രൂപയും, പദ്ധതി നിർവ്വഹണ അനുബന്ധ ചെലവുകളുമായി ബന്ധപ്പെട്ട് 21,43,657/- രൂപയും ഉൾപ്പെടെ ആകെ 12,00,80,752/- രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ